# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1440.　　03.12.2018-ന് മറുപടിയ്ക്ക്

## കൂളിമാട് പാലം ഉൾപ്പെട്ട ഭാഗത്തെ സ്ഥലമെടുപ്പ്

| | ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് - മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂളിമാട് പാലത്തിന് കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തിയായത് എന്നാണ്; വിവരം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂളിമാട് പാലത്തിന് കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട ഭാഗത്തെ സ്ഥലം എൽ.എ. നിയമം പ്രകാരം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 12.09.2012-ൽ അവാർഡ് പാസ്സാക്കിയിട്ടുണ്ട്. |
| (ബി) | സ്ഥലം നല്കിയ ഭൂടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; എത്ര പേർക്കാണ് ഇനി നഷ്ടപരിഹാരത്തുക നല്കുവാനുള്ളത്; ഓരോരുത്തർക്കും നല്കാനുള്ള തുക എത്ര വീതമാണ്; വ്യക്തമാക്കുമോ; | (ബി) | അവാർഡ് നം. 8/2012 പ്രകാരം ഭൂമി നഷ്ടപ്പെടുന്ന 17 കക്ഷികളിൽ ശ്രീമതി. ഉമ്മച്ചക്കുട്ടി, കോട്ടക്കടവത്ത്, കൂളിമാട് എന്ന കക്ഷിക്ക് അനുവദിച്ച നഷ്ടപരിഹാരത്തുക കോടതിയിൽ നിക്ഷേപിക്കുകയും ബാക്കിയുള്ള എല്ലാ കക്ഷികൾക്കും ചെക്ക് മുഖേന തുക അനുവദിച്ചിട്ടുണ്ട്. |
| (സി) | നഷ്ടപരിഹാരം ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (സി) | അവാർഡ് പാസ്സാക്കിയതിനു ശേഷം ബന്ധപ്പെട്ട കക്ഷികൾക്ക് കാലതാമസം കൂടാതെ തന്നെ നഷ്ടപരിഹാരത്തുക നല്കിയിട്ടുണ്ട്. |
| (ഡി) | തുക എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | നഷ്ടപരിഹാരത്തുക പുനർനിർണ്ണയിക്കുന്നതിന് കക്ഷികൾ കോടതിയെ സമീപിച്ചതു മൂലമുള്ള വർദ്ധിത തുക അർത്ഥനാധികാരിയിൽ നിന്നും ലഭിക്കുന്ന മുറക്ക് അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ